V റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. എം. മുരളി: സർ, ലോക്കൽഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സപീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI റിപ്പോർട്ട് പരിഗണന

1. കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കാര്യോപദേശകസമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ.കെ.കെ. രാമചന്ദ്രൻ മാസ്റ്റർ):

പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : കാര്യോപദേശകസമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

VII ധനകാര്യം

2005-2006 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. വളരെ അഭിമാനത്തോടുകൂടിയാണ് ഞാൻ ഈ ബഡ്ജറ്റിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രസംഗിക്കുന്നത്. വളരെ അഭിമാനകരമായി ജനാധിപത്യത്തിന്റെ ഉന്നത നിലവാരം പുലർത്തിക്കൊണ്ട് ഈ ഗവൺമെന്റിലെ ഒരു മന്ത്രി ഇന്ന് രാജിപ്രഖ്യാപിച്ചു. നിയമസഭയുടെ ചരിത്രത്തിൽത്തന്നെ സുവർണ്ണലിപികളിൽ എഴുതിച്ചേർക്കേണ്ട ഒരു പ്രഖ്യാപനമാണിത്. ചെയ്യാത്ത തെറ്റിനെത്തുടർന്ന് തന്നെ കേൾക്കാതെ കോടതി നടത്തിയ ഒരു പരാമർശം. ആ പരാമർശത്തിന്റെ പേരിലാണെങ്കിൽ പോലും രാജിവയ്ക്കാൻ ശ്രീ. കെ. പി. വിശ്വനാഥൻ തയ്യാറായതിൽ തീർച്ചയായും അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ സഭയിൽ ഇതിനുമുൻപും ഇതുപോലുള്ള പല കാര്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അന്നാരും ആ ജനാധിപത്യമൂല്യം ഉൾക്കൊള്ളാൻ തയ്യാറായിട്ടില്ലായെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. സർ, ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽത്തന്നെ ഇ.എം.എസ്. മുഖ്യമന്ത്രി ആയിരിക്കുമ്പോൾ 1958-ൽ

LIBRARY ARCHIVES Kerala Legislative Assembly